# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 20, വൈകുന്നേരം 6 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം ഒന്നായി ചേർക്കുന്നു.

## ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നുളള 06 പേർക്കും എറണാകുളം ജില്ലയിൽ ചികിത്സയിലുളള 06 പേർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു - ഇന്ന് 168 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 44390 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 44165 പേർ വീടുകളിലും 225 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 3436 സാമ്പിളുകൾ പരിശോധിച്ചതിൽ 2393 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുളളവരുടെ ജില്ല തിരിച്ചുളള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുളളവരുടെ ജില്ല തിരിച്ചുളള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. വിദേശങ്ങളിൽ നിന്നും വരുന്നവരുടെ വിശദാംശങ്ങൾ വിമാനത്താവളങ്ങളിൽ നിന്ന് ശേഖരിച്ചതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കി. നിലവിൽ ചികിത്സയിൽ ഉളളവരുമായി സമ്പർക്കം പുലർത്തിയവരുടെ കണക്കും അദ്ദേഹം പറഞ്ഞു. കോവിഡ് 19 കോൾ സെന്ററുകളിൽ ദിനം പ്രതി വരുന്ന കോളുകളുടെ ജില്ല തിരിച്ചുളള കണക്കും അദ്ദേഹം വ്യക്തമാക്കി. കെ എം എസ് സി എൽ ലിൽ നിലവിൽ ശേഖരത്തിലുളള വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെ കണക്കും അദ്ദേഹം പറഞ്ഞു. മേൽപ്പറഞ്ഞത് ആശുപത്രികൾക്കു മാത്രമായി നിജപ്പെടുത്തിയതാണെന്നും അദ്ദേഹം പറഞ്ഞു. ജില്ലകളിൽ നിലവിലുള്ള വോളന്റിയർ ഗ്രൂപ്പുകളുടെയും അവർ എത്ര വീടുകൾ സന്ദർശിച്ചു എന്നതിന്റെ കണക്കും അദ്ദേഹം വ്യക്തമാക്കി. ആരോഗ്യവകുപ്പിലേയും ഇതര വകുപ്പുകളിലേയും വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകിയതിന്റെയും വിശദ വിവരങ്ങൾ അദ്ദേഹം യോഗത്തെ അറിയിച്ചു. പരിശീലനങ്ങൾക്കുളള വിവിധ മൊഡ്യൂളുകൾ ഓൺലൈനായി ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇനിമുതലുള്ള അവതരണങ്ങളിൽ കുറവുകളും വെല്ലുവിളികളും കൂടി ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചു. കൂടുതൽ കോവിഡ് കെയർ സെന്ററുകൾ തിരഞ്ഞെടുത്തു വയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് കെയർ സെന്ററുകളായി പ്രവർത്തിക്കുവാൻ തയ്യാറുള്ള ഹോട്ടലുകളുടെ പട്ടിക തയ്യാറാക്കി വരുന്നതായി ടൂറിസം സെക്രട്ടറി അറിയിച്ചു. എന്നാൽ പല ഹോട്ടലുടമകളും ഭാഗീകമായി ഹോട്ടൽ മുറികൾ വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ എന്തു തീരുമാനിക്കണമെന്ന് ടൂറിസം സെക്രട്ടറി ചോദിച്ചു. ഇതിൽ പിന്നീട് തീരുമാനമെടുക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സെക്ടറൽ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് ആരാഞ്ഞു. അതിനു മറുപടിയായി തദ്ദേശസ്വയം ഭരണ വകുപ്പു സെക്രട്ടറി ജില്ലാ തലത്തിലും വകുപ്പു അധ്യക്ഷൻമാരുടെ തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം നടക്കുന്നതായി അറിയിച്ചു. ടൂറിസം സെക്രട്ടറിയും ജില്ലാ തലത്തിലും വകുപ്പു അധ്യക്ഷൻമാരുടെ തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം നടക്കുന്നതായും, ജില്ലകളിൽ ഹെൽപ്പ് ഡസ്കുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അതു വഴി ഉയർന്നു വരുന്ന പ്രശ്നങ്ങളിൽ ഇടപെടുന്നുണ്ടെന്നും അറിയിച്ചു.

## ചീഫ് സെക്രട്ടറി

സെക്ടറൽ കമ്മിറ്റി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വൈകുന്നേരത്തെ സെക്രട്ടറിമാരുടെ മീറ്റിങ്ങിൽ റിപ്പോർട്ട് അവതരിപ്പിക്കണമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

## പ്ലാനിംഗ് ബോർഡ് മെമ്പർ

പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ബി.ഇക്ബാൽ പ്രൈവറ്റ് മെഡിക്കൽ കോളേജ് അസോസിയേഷൻ അവരുടെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ മുറികളും ഐ സി യുകളും വെന്റിലേറ്ററുകളും വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുള്ളതായി പറഞ്ഞു. 22 മെഡിക്കൽ കോളേജുകളിലായി 4400 ഓളം മുറികളും 660 ഐ സി യുകളും 132 വെന്റിലേറ്ററുകളും നൽകുന്നതോടൊപ്പം നഴ്സുമാരെയും രോഗികൾക്ക് ഭക്ഷണവും നൽകാമെന്നും പറഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കുശേഷം മുഖമന്ത്രി അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അറിയിച്ചു.

1. കാസറഗോഡ് രോഗം സ്ഥിരീകരിച്ച വ്യക്തി ഒരു നിർദ്ദേശവും പാലിച്ചിട്ടില്ല. ആയതിനാൽതന്നെ രോഗം എത്ര വ്യാപിച്ചിട്ടുണ്ട് എന്നു പറയാനാകില്ല. അതിനാൽ നിരീക്ഷണത്തിലുള്ളവരുടെ കാര്യത്തിൽ കുറച്ചുകൂടെ ശ്രദ്ധിക്കണം.
2. രോഗ പരിശോധന സംവിധാനങ്ങൾക്ക് വേഗത കൂട്ടേണ്ടി വരും. വിദഗ്ധ സമിതി ഇതു പരിശോധിക്കണം. സ്വകാര്യ ആശുപത്രികളിൽ പരിശോധന സാധ്യമാണോയെന്നും പരിശോധിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. വിദഗ്ദ്ധ സമിതി യോഗം ഉടൻ ചേരാമെന്ന് ഡോ. ബി.ഇക്ബാൽ അറിയിച്ചു.
3. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പിനെ വ്യവസായ വകുപ്പ് സഹായിക്കണം. ആരോഗ്യവകുപ്പിനു വേണ്ട സാധനങ്ങൾ (മാസ്ക്, ഓക്സിജൻ സിലിണ്ടറുകൾ,

സാനിറ്റൈസറുകൾ) എന്നിവ ലഭ്യമാക്കുവാൻ വേണ്ട സഹായങ്ങൾ വ്യവസായ വകുപ്പ് ചെയ്യണം.

4. കൂടുതൽ കോവിഡ് കെയർ സെന്ററുകൾ തിരഞ്ഞെടുത്തു വയ്ക്കണമെന്നും സ്ഥലസൗകര്യം കണ്ടെത്തുന്നതിൽ കുറച്ചുകൂടി വേഗത കൂട്ടണമെന്നും അദ്ദേഹം പറഞ്ഞു.
5. പുതിയ കെട്ടിടം തിരഞ്ഞെടുക്കുമ്പോൾ വേണ്ട സൗകര്യങ്ങൾ സജ്ജീകരിക്കുവാൻ പൊതുമരാമത്തു വകുപ്പിനു ചുമതല നൽകും.
6. നിരീക്ഷണത്തിലുളളവരിൽ ആവശ്യമുള്ളവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഭക്ഷണം തയ്യാറാക്കി വീടുകളിൽ നൽകണം.
7. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം ദുരന്ത നിവാരണ അതോറിറ്റി അവലോകനം ചെയ്യുകയും പ്രോട്ടോക്കോൾ തയ്യാറാക്കുകയും വേണം.
8. പ്രധാനമന്ത്രിയുമായുള്ള വീഡിയോ കോൺഫറൻസിന്റെ വിശദാംശങ്ങൾ അദ്ദേഹം യോഗത്തെ അറിയിച്ചു. സാധനങ്ങൾ പൂഴ്ത്തി വയ്ക്കാതിരിക്കുവാൻ വ്യാപാരി വ്യവസായി സംഘടനകളുടെ യോഗം വിളിക്കുവാനും പ്രധാനമന്ത്രി നിർദ്ദേശിച്ചത് കേരളത്തിലും ചെയ്യാമെന്നും മുഖ്യമന്ത്രി പറഞ്ഞു. മരുന്നു മൊത്ത വ്യാപാരികളുടെ യോഗവും വിളിക്കേണ്ടതുണ്ട്.
9. തമിഴ്നാട് അതിർത്തി അടയ്ക്കുന്നു എന്ന ഒരു വാർത്ത കേട്ടിരുന്നു. അതിന്റെ നിജ സ്ഥിതി പറയുവാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. അതിനു മറുപടിയായി തമിഴ്നാട് ചീഫ് സെക്രട്ടറിയുമായി സംസാരിച്ചുവെന്നും അവർ തമിഴ്നാട്ടിലേക്കു വരുന്ന ബസുകൾ, കാറുകൾ എന്നിവയിലെ യാത്രക്കാരെ സ്ക്രീൻ ചെയ്യുമെന്നും സർവ്വീസ് നടത്തുന്ന ബസുകളുടെ എണ്ണം കുറച്ചിട്ടുണ്ടെന്നും അറിയിച്ചതായി പറഞ്ഞു. അതിർത്തി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഒരുമിച്ചേ എടുക്കുകയുള്ളൂ എന്നും ഉറപ്പു നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിയമാനുസൃതമായ 05 റോഡുകളൊഴികെ എല്ലാ അതിർത്തി റോഡുകളും അടച്ചിട്ടുണ്ട്.
10. മാർച്ച് 22-ാം തീയതി പ്രഖ്യാപിച്ചിരിക്കുന്ന ജനകീയ കർഫ്യുവുമായി സഹകരിക്കാനും കെഎസ്ആർടിസി ബസുകൾ നിരത്തിലിറക്കേണ്ടെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു.
11. വ്യവസായപാർക്കുകൾ, മത്സ്യ സംസ്ക്കരണശാലകൾ എന്നിവിടങ്ങളിൽ ആവശ്യമായ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ എടുത്തിട്ടുണ്ടോയെന്ന് അന്വേഷിക്കണം
12. കർണ്ണാടകയിലേക്ക് ജോലിതേടി പോകുന്ന കാസർഗോഡ്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലുള്ളവരെ നിരീക്ഷണത്തിൽ വയ്ക്കാനും വേണ്ടിവന്നാൽ അവരുടെ രക്തസാമ്പിളുകൾ പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് അവരുടെ പട്ടിക ശേഖരിക്കണം
13. ആദിവാസി മേഖലകളിൽ എസ് സി എസ് ടി വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം ശക്തിപ്പെടുത്തണം.
14. ആളുകൾ കൂട്ടംകൂടുന്നതിനെതിരെ കാസർഡഗോഡ് ജില്ലാഭരണകൂടം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതേ മാതൃക മലപ്പുറം ജില്ലയിലും സ്വീകരിക്കണം
15. ബാർബർഷോപ്പുകൾ, ബ്യൂട്ടിപാർലറുകൾ എന്നിവയ്ക്കായി ഒരു മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു
16. കോട്ടയം, ഇടുക്കി ജില്ലകളിലെ നിരീക്ഷണം ശക്തിപ്പെടുത്തണം